LIBRARY ARCHIVES Kerala Legislative Assembly

മറൈൻ ആംബുലൻസ്

7 (*727). ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുമെന്ന് 2013-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ 3 കോടി രൂപ മറൈൻ ആംബുലൻസ് സംവിധാനത്തിനായി നീക്കി വച്ചിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മറൈൻ ആംബുലൻസ് പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് പദ്ധതിയുടെ സ്പെസിഫിക്കേഷൻ കോൺസപ്റ്റ്, ഇംപ്ലിമെന്റേഷൻ എന്നിവയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും തുടർന്ന് മറൈൻ ആംബുലൻസ് രൂപ കൽപ്പന ചെയ്യാൻ തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

സ്ത്രീകളുടെ യാത്രാസുരക്ഷിതത്വം

8 (*728) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീയാത്രാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം സ്ത്രീശാക്തീകരണ സഹായങ്ങളാണ് പദ്ധതിയനുസരിച്ച് ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എല്ലാ ബസ്സ് സ്റ്റേഷനുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും യാത്രക്കിടയിൽ ബസ്സുകളിലും സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. സ്ത്രീകൾക്ക് മാത്രമായി വിശ്രമ മുറികൾ, കുടിവെള്ളം, പ്രാഥമികാവശ്യത്തിനുള്ള സൗകര്യം തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. മുപ്പതോളം ഡിപ്പോകളിൽ ഇതിനകം പണി പൂർത്തിയാക്കി ഉപയോഗത്തിലാണ്. അഞ്ച് ഡിപ്പോകളിൽ പണികൾ പുരോഗതിയിലാണ്. രാത്രി കാലങ്ങളിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ രാത്രി 8.00 മണി മുതൽ രാവിലെ 6.00 മണി വരെ എല്ലാത്തരം സർവ്വീസുകളും നിർത്തി അവരെ ഇറക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) സ്ത്രീ യാത്രക്കാർക്ക് സുരക്ഷിതമായ വിശ്രമ മുറികൾ, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം, 24 മണിക്കൂറും സുരക്ഷയും കെ.എസ്.ആർ.ടി.സി. ഉറപ്പാക്കുന്നു.

യാത്രക്കാരായ സ്ത്രീകളുടെ ബാഗുകളും മറ്റും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ക്ലോക്ക് റൂം സൗകര്യം, സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്ക് സെക്യൂരിറ്റി ബൂത്ത്/പോലീസ് എയ്ഡ് പോസ്റ്റ് എന്നിവയും കെ.എസ്.ആർ.ടി.സി. ലക്ഷ്യമിട്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.. പുതുതായി പണികഴിപ്പിക്കുന്ന എല്ലാ ബസ് ടെർമിനലുകളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും സ്ത്രീകൾക്ക് പ്രത്യേക സുരക്ഷിതത്വം ഉറപ്പാക്കുന്ന ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ്

9 (*729) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യോത്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ് അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly